മംഗളം
സ്ഥാപകൻ
എം.സി.വർഗീസ്

# 20 വർഷം പൂർത്തിയാക്കി സ്റ്റാർ ഹെൽത്ത്

കൊച്ചി: ഹെൽത്ത് ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് 20 വർഷം പൂർത്തിയാക്കി. സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതു മുതൽ ഇതുവരെ 5,800 കോടി രൂപയിലധികം വരുന്ന 17 ലക്ഷത്തിലധികം ക്ലെയിമുകൾ തീർപ്പാക്കി.

പുതുതായി ടോക്ക് ടു സ്റ്റാർ, ഹോം ഹെൽത്ത് കെയർ എന്നിവയും പ്രഖ്യാപിച്ചു.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ കമ്പനി കേരളത്തിൽ 518 കോടി രൂപയുടെ ജിഡബ്ല്യുപി രേഖപ്പെടുത്തുകയും 5.3 ലക്ഷത്തിലധികം ആളുകളെ പരിരക്ഷിക്കുകയും ചെയ്തു. 59 ബ്രാഞ്ചുകൾ, 65,500–ലധികം ജീവനക്കാർ, 550–ലധികം നെറ്റ്‌വർക്ക് ആശുപത്രികൾ എന്നിവയും കേരളത്തിലുണ്ട്.

20 വർഷം പൂർത്തിയാക്കുന്നു എന്നത് സ്റ്റാർ ഹെൽത്തിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന നാഴികക്കല്ലാണെന്ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് ഹോൾ ടൈം ഡയറക്ടറും സി.എം.ഒയുമായ ഹിമാൻഷു വാലിയ പറഞ്ഞു.

സ്റ്റാർ ഹെൽത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിപണികളിൽ ഒന്നാണ് കേരളമെന്ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കേരള ബിസിനസ് മേധാവി സുരേഷ് ആർ. എസ്. പറഞ്ഞു.